കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചക്കുപള്ളം ഗ്രാമപഞ്ചായത്ത് 2012-13-ൽ നടപ്പാക്കിയ പോർട്ടബിൾ ബയോഗ്യാസ് പ്ളാന്റുകളുടെ അളവ് 1m3 ആയി വർദ്ധിപ്പിക്കണമെന്നാവശ്യം അംഗീകരിച്ചുകൊണ്ടും സബ് സിഡി നിരക്ക് അക്കാലത്തെ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പരിമിതപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1695/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22.06.2018

പരാമർശം :-
1. ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.04.2018-ലെ A4-5573/16-ാം നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.08.2014-ലെ തീരുമാനം നം. 3.25
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018-ലെ തീരുമാനം നം. 4.29

**ഉത്തരവ്**

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2012-13-ൽ നടപ്പിലാക്കിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് പദ്ധതിയിൽ 0.5 $m^3$ ശേഷിയുള്ള 100 ബയോഗ്യാസ് പ്ലാന്റിനു പകരം 1 $m^3$ ശേഷിയുള്ള 114 ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിച്ചതെന്നും ഇതിനു തുക കൊടുക്കാൻ പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നുവെങ്കിലും ഉത്തരവായില്ല എന്ന കാരണത്താൽ ശുചിത്വ മിഷനിൽ നിന്ന് തുക നൽകിയില്ലെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വീണ്ടും വേണമെന്നും ചക്കുപള്ളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മുകളിൽ ഒന്നാമതായി പരാമർശിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) 23.05.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. സൂചന (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചക്കുപള്ളം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പോർട്ടബിൾ ബയോഗ്യാസ് പ്ളാന്റുകളുടെ അളവ് 1m3 ആയി വർദ്ധിപ്പിക്കണമെന്നാവശ്യം അംഗീകരിച്ചുകൊണ്ടും എന്നാൽ സബ് സിഡി നിരക്ക് അക്കാലത്തെ മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം പരിമിതപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡണ്ട്, ചക്കുപള്ളം ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ